ശ്വാസകാടിയന്തരം

ICPS 4(A)/16900/16

സാമൂഹ്യ നീതി ഡയറക്ടറേറ്റ് (അനക്സ്),
SCPS, പൂജപ്പുര, തിരുവനന്തപുരം
തീയതി : 01.08.2016

# സർക്കുലർ

വിഷയം : സാ.നീ.വ-ഐ.സി.പി.എസ്-ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകൾ, ജെ.ജെ. ഹോമുകൾ- 01.09.2016 മുതൽ 31.03.2017 വരെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളും പരിപാടികളും - സംസ്ഥാനതലത്തിൽ പ്ലാൻ തയ്യാറാക്കുന്നത് സംബന്ധിച്ച്.

സൂചന : 1. ഈ ഓഫീസിലെ 12.07.2016 ലെ ICPS 2/16354/2016 നമ്പർ സർക്കുലർ.
2. ഈ ഓഫീസിലെ 07.07.2016 ലെ ICPS 2/16354/2016 നമ്പർ സർക്കുലർ.

മേൽ സൂചനകൾ പ്രകാരം 01.08.2016 മുതൽ 31.03.2017 വരെയുള്ള കാലയളവിൽ ഡി.സി.പി.യു.കളിലും ജെ.ജെ. സ്ഥാപനങ്ങളിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളും പരിപാടികളും സംബന്ധിച്ച് പ്രൊപ്പോസലുകൾ അയച്ചുതരുവാൻ ഡി.സി.പി.ഒ. മാരോടും, സ്ഥാപനസൂപ്രണ്ടുമാരോടും ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഭൂരിഭാഗം സ്ഥാപനമേധാവികളും ഡി.സി.പി.ഒ. മാരും പ്രൊപ്പോസലുകൾ അയച്ചു തന്നിരുന്നില്ല. ഇക്കാര്യം 27.07.2016 ന് കൂടിയ പതിനാറാമത് എക്സിക്യൂട്ടിവ് കമ്മിറ്റിയുടെ രൂക്ഷമായ വിമർശനത്തിന് വിധേയമായിട്ടുണ്ട്. പ്രൊപ്പോസലുകൾ സമർപ്പിക്കുവാൻ എക്സിക്യൂട്ടിവ് കമ്മിറ്റി ഒരവസരം കൂടി നൽകിയിരിക്കുന്നു. 26.08.2016 കൂടുന്ന എക്സിക്യൂട്ടിവ് കമ്മിറ്റിയിൽ എല്ലാ ഡി.സി.പി.യു. കളുടെയും ജെ.ജെ സ്ഥാപനങ്ങളുടെയും പ്രൊപ്പോസലുകൾ സമർപ്പിക്കാൻ കർശന നിർദ്ദേശം നൽകിയിരിക്കുകയാണ്.

ഈ സാഹചര്യത്തിൽ താഴെപറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സ്ഥാപന സൂപ്രണ്ടുമാരും ഡി.സി.പി.ഒ. മാരും 01.09.2016 മുതൽ 31.03.2017 വരെയുള്ള കാലയളവിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളെയും പരിപാടികളെയും കുറിച്ചുള്ള വ്യക്തമായ പ്രൊപ്പോസലുകൾ തയ്യാറാക്കി സമർപ്പിക്കണം.
2. 25.07.2016 നു നടന്ന ജെ.ജെ. സ്ഥാപനങ്ങളുടെ അവലോകന യോഗത്തിൽ നടപ്പുവർഷം ജെ.ജെ. സ്ഥാപനങ്ങളിൽ നടപ്പിലാക്കേണ്ട പുതിയ പരിപാടികളെക്കുറിച്ച് നിർദ്ദേശങ്ങൾ നൽകിയിരുന്നു. അതനുസരിച്ച് ജെ.ജെ. സ്ഥാപന സൂപ്രണ്ടുമാർ ആവശ്യമായ പ്രൊപ്പോസലുകൾ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.
3. പ്രൊപ്പോസലുകളോടൊപ്പം വ്യക്തമായ ബഡ്ജറ്റ് എസ്റ്റിമേറ്റ് ഉണ്ടായിരിക്കണം.
4. പ്രൊപ്പോസലുകൾക്കൊപ്പം, ഇതോടൊപ്പം വച്ചിട്ടുള്ള ഫോർമാറ്റിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ സംഗ്രഹം കൂടി തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.
5. പ്രൊപ്പോസലുകൾ A4 സൈസിലുള്ള പേപ്പറിൽ മലയാളം ISM സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഡി.റ്റി.പി. ചെയ്യണം. പ്രൊപ്പോസലുകളുടെ സംഗ്രഹം A4 സൈസിലുള്ള പേപ്പറിൽ ഇംഗ്ലീഷിൽ തയ്യാറാക്കാവുന്നതാണ്.

6. പ്രൊപ്പോസലുകളുടെയും, സംഗ്രഹത്തിന്റെയും സോഫ്റ്റ് കോപ്പിയും ഹാർഡ് കോപ്പിയും എസ്.സി.പി.എസ്. ന് സമർപ്പിയ്ക്കേണ്ടതാണ്.

7. സൂചനയിലെ സർക്കുലറുകളിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം പ്രൊപ്പോസലുകളിൽ എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി പൂർണ്ണവും വ്യക്തവുമായ രീതിയിൽ തയ്യാറാക്കണം.

8. ഓരോ പ്രൊപ്പോസലും രണ്ടു പേജിൽ കവിയാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ഒരു സ്ഥാപനത്തിന്/ഡി.സി.പി.യു. വിന് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് എത്ര പ്രൊപ്പോസൽ വേണമെങ്കിലും സമർപ്പിക്കാം. എന്നാൽ സമർപ്പിക്കപ്പെടുന്ന പ്രൊപ്പോസലുകൾ, കുട്ടികളോടുള്ള താൽപര്യം സംരക്ഷിക്കപ്പെടുന്നതിനു വേണ്ടിയായിരിക്കണം.

9. പരിപാടികൾ കൊണ്ട് കൈവരിക്കാൻ ഉദ്ദേശിക്കുന്ന നേട്ടങ്ങൾ വ്യക്തമാക്കണം.

10. പ്രൊപ്പോസലുകളിൽ സൂപ്രണ്ടുമാരുടെ/ഡി.സി.പി.ഒ.മാരുടെ വ്യക്തമായ ശുപാർശ ഉണ്ടായിരിക്കണം.

2016 ആഗസ്റ്റ് 11, 12 തീയതികളിൽ പ്രൊപ്പോസലുകൾ അവതരിപ്പിയ്ക്കുന്നതിനു വേണ്ടി സ്ഥാപന സൂപ്രണ്ടുമാർക്കു വേണ്ടിയും ഡി.സി.പി.ഒ.മാർക്ക് വേണ്ടിയും പ്രത്യേകയോഗം സംഘടിപ്പിച്ചിട്ടുണ്ട്. തിരുവനന്തപുരം പൂജപ്പുരയിൽ ഉള്ള സാമൂഹ്യനീതി ഡയറക്ടറേറ്റ് അനക്സിലെ കോൺഫറൻസ് ഹാളിലാണ് യോഗം നടത്താൻ നിശ്ചയിച്ചിരിക്കുന്നത്. 11.08.2016 ന് നടക്കുന്ന യോഗത്തിൽ എല്ലാ ജെ.ജെ. സ്ഥാപനസൂപ്രണ്ടുമാരും പങ്കെടുക്കേണ്ടതാണ്. 12.08.2016 ന് നടക്കുന്ന യോഗത്തിൽ എല്ലാ ഡി.സി.പി.ഒ.മാരും പങ്കെടുക്കണം. ഓരോ ദിവസവും രാവിലെ 10 മണിയ്ക്കു തന്നെ ബന്ധപ്പെട്ടവർ ഹാജരായിരിയ്ക്കണം. പ്രസ്തുത യോഗത്തിൽ വച്ച് ഡി.സി.പി.ഒ. മാരും സൂപ്രണ്ടുമാരും പ്രൊപ്പോസലുകൾ സംബന്ധിച്ച് പവർ പോയിന്റ് പ്രസന്റേഷൻ നടത്തേണ്ടതും അവർ തയ്യാറാക്കിയിട്ടുള്ള പ്രൊപ്പോസലുകളുടെ സോഫ്റ്റ് കോപ്പിയും ഹാർഡ് കോപ്പിയും യോഗത്തിൽ വച്ചു തന്നെ എസ്.സി.പി.എസ്. നു കൈമാറേണ്ടതുമാണ്.

സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി

എല്ലാ ജെ.ജെ.സ്ഥാപന സൂപ്രണ്ടുമാർക്കും.
എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും.

<u>പകർപ്പ്</u>

1. എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും.
2. ICPS 4
3. സ്റ്റോക്ക് ഫയൽ

<u>ഉള്ളടക്കം</u>

ഫോർമാറ്റുകൾ.

INTEGRATED CHILD PROTECTION SCHEME, KERALA

**JJ Institutions - PROPOSED PROGRAMMES FOR THE PERIOD FROM 1-9-2016 to 31-3-2017**

**ABSTRACT**

Name of the Institution:

District:

| **Sl. No** | **Name and a short description of the proposed Programme** | **Amount requested Rs.** | **Fund*** | **Remarks** |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |

- Whether ICPS fund or State Fund? If ICPS fund, mention the component also.

Date:

Signature of the Superintendent

INTEGRATED CHILD PROTECTION SCHEME, KERALA

**DISTRICT HILD PROTECTION UNITS - PROPOSED PROGRAMMES FOR THE PERIOD FROM 1-9-2016 to 31-3-2017**

**A B S T R A C T**

District:

| Sl. No | Name and a short description of the proposed Programme | Amount requested Rs. | Fund* | Remarks |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |

*Whether ICPS fund or State Fund? If ICPS fund, mention the component also.

Signature of the District Child Protection Officer

Date: